25/ഓ1/2017

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-23249
email: celsgd@gmail.com
website: www.celsgd.com

തീയതി 04/12/2017

ഡിബി1/9286/2017/സിഇ/എൽ.എസ്.ജി.ഡി

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ (സാങ്കേതികവിഭാഗം) വകുപ്പ് - എല്ലാ പഞ്ചായത്തുകളിലും ഗുണനിലവാര നിർണയ ലബോറട്ടറികൾ സ്ഥാപിക്കുന്നത് – അടിയന്തരമായി പൂർത്തിയാക്കുന്നത് – സംബന്ധിച്ച്

സൂചന:- 1. ഈ ഓഫീസിലെ 22/07/2017 ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 19/09/2017 ലെ ഇതേ നമ്പർ സർക്കുലർ

*********

സംസ്ഥാനത്തെ എല്ലാ ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും, ഓരോ ഗുണനിലവാര നിർണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന്, അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സൂചനകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തി 30/09/2017 ന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് നിദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകൾ മാത്രം ആണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത്. മറ്റ് ജില്ലകളിൽ ടി ലബോറട്ടറികൾ സ്ഥാപിക്കാത്തത് ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ വീഴ്ചയായിട്ടാണ് കാണുന്നത്. അതിനാൽ ടി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിനുള്ള റിക്വിസിഷൻ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

പത്തനംതിട്ട, വയനാട് ജില്ലാ പഞ്ചായത്തുകളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി ജില്ലകളിൽ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ സ്ഥലസൗകര്യം കണ്ടെത്തി അടിയന്തരമായി ലബോറട്ടറി സ്ഥാപിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്: കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്

എൻ.പി/-